E-mail : keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax: 0471-2331513

ജി (1) 42839/2013

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം. തീയതി : 03.01.2013

# സർക്കുലർ നമ്പർ 05/2014

വിഷയം : സഹകരണവകുപ്പ് – 1969 ലെ കേരള സഹകരണ സംഘം – നിയമം വകുപ്പ് 29, 63, 64, 66 സി എന്നിവയിൽ ഇളവ് അനുവദിച്ചത് – സംബ ന്ധിച്ച്.

സൂചന : സർക്കാരിന്റെ 11.12.2013 ലെ ജി.ഒ. (പി)152/2013/സഹ നമ്പർ ഉത്തരവ്.

........................

2013 ലെ കേരള സഹകരണ സംഘം നിയമ ഭേദഗതി പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച് കഴിഞ്ഞ് 6 മാസത്തിനുള്ളിൽ സംഘത്തിന്റെ പൊതുയോഗം കൂടേണ്ടതായിട്ടുണ്ട്. പ്രസ്തുത പൊതുയോഗത്തിൽ സംഘത്തിന്റെ ആഡിറ്റ് റിപ്പോർട്ട്, ലാഭനഷ്ട കണക്കുകൾ, വാർഷിക റിപ്പോർട്ട് എന്നിവ ഉൾപ്പെടെയുള്ളവ അവതരിപ്പിക്കേണ്ടതും, ആഡിറ്റർമാരുടെ പാനലിൽ നിന്നും ആഡിറ്റർമാരെ നിയമിക്കേണ്ടതും, ടി വ്യവസ്ഥകൾ പാലിക്കാത്തപക്ഷം ഭരണ സമിതി അംഗങ്ങൾക്ക് അയോഗ്യത കൽപ്പിക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംഘങ്ങളുടെ ആഡിറ്റ് കുടിശിക തീർക്കുന്നതിന് സഹകരണ ആഡിറ്റ് ഡയറക്ടർ തീവ്രയത്ന പരിപാടികൾ നടപ്പിലാക്കിയിരുന്നു. എന്നാൽ ആഡിറ്റ് കുടിശിക 30.09.2013 ന് മുൻപ് പൂർണ്ണമായി തീർക്കാൻ കഴിയാത്തതിനാലും, കേരള സഹകരണ നിയമ ഭേദഗതി പ്രകാരമുള്ള ചട്ടങ്ങൾ രൂപീകൃതമാകാത്തതിനാലും കേരള സഹകരണ നിയമത്തിലെ വകുപ്പ് 29, 63, 64, 66 എന്നിവയിൽ നിന്നും 01.10.2013 മുതൽ 31.12.2013 വരെ സഹകരണ നിയമം വകുപ്പ് 101 പ്രകാരം ഇളവ് നൽകിക്കൊണ്ട് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് ജില്ലയിലെ ജോയിന്റ് രജിസ്ട്രാർമാർ എല്ലാ സഹകരണ സംഘങ്ങളുടേയും ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

(ഒപ്പ്)
**കെ. ഗോപാലകൃഷ്ണ ഭട്ട് ഐ.എ.എസ്.**
**സഹകരണസംഘം രജിസ്ട്രാർ**

പകർപ്പ്
1) സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം. (ഉപരിപത്രം സഹിതം).
2) രജിസ്ട്രാർ, കേരള ഹൈക്കോടതി, കൊച്ചി. (ഉപരിപത്രം സഹിതം).
3) എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന)

4) സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
5) എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ)/ ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) എന്നിവർക്ക്.
6) എല്ലാ പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്ക് പ്രസിഡന്റ്, സെക്രട്ടറി എന്നിവർക്ക് (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന).
7) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
8) സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം.
9) സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
10) എഡിറ്റർ/സഹകരണ വീഥി, സഹകരണ ജേർണൽ.
11) സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ/വെബ്സൈറ്റ്.